(18) തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി ത്വരിതപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. എം. പി. താമി : സർ, തൃത്താലയിൽ ഞാക്കാട്ടി എന്ന പ്രദേശത്ത് 1970-ൽ തുടങ്ങിയതാണ് തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. കഴിഞ്ഞകൊല്ലം നാലുലക്ഷം രൂപയായിരുന്നു ബഡ്ജറ്റിലുണ്ടായിരുന്നത്. ഈ പ്രാവശ്യം ഒരു ലക്ഷം രൂപയാണുള്ളത്. 36 ലക്ഷം രൂപയാണ് 1970-ൽ അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുക. ഈ പദ്ധതി എരുമറക്കോട്, നാഗലശ്ശേരി, തൃത്താല എന്നീ മൂന്നുപഞ്ചായത്തുകളിലെ നെൽകൃഷിക്കാരെയും പറമ്പുകൃഷിക്കാരെയും ഒരുപോലെ സഹായിക്കാൻ ഉപകരിക്കുന്ന ഒരു പദ്ധതിയാണ്. പദ്ധതി ചുവപ്പുനാടയിൽപ്പെട്ടു കിടക്കുന്നു. കൃഷിക്കാർ പൊരിവെയിലത്ത് കിടക്കുന്നു. അതുകൊണ്ട് ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, തൃത്താല എരുമറക്കോട് പഞ്ചായത്തുകളിലെ കൃഷിക്ക് പ്രയോജനപ്പെടണമെന്ന ലക്ഷ്യം വെച്ചുകൊണ്ട് തയ്യാറാക്കിയതാണ് തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. 37 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന്റെ പദ്ധതിക്ക് 1986-ൽ ഭരണാനുമതി നൽകി. ഈ സ്കീമിന്റെ കനാലിന്റെ പണി പൂർത്തിയായിട്ടുണ്ട്. പമ്പ് ഹൗസ് നിർമ്മിക്കുന്നതിനും പൈപ്പിടുന്നതിനും മറ്റുമുള്ള ബാക്കി ജോലികൾ ചെയ്യുന്നതിനു വേണ്ടി രണ്ട് പ്രാവശ്യം ടെൻഡർ വിളിച്ചെങ്കിലും ടെൻഡർ ലഭിച്ചിരുന്നില്ല. 23-5-1990-ൽ അവസാന തീയതി വച്ച് വീണ്ടും ടെൻഡർ ക്ഷണിച്ചു. അപ്പോൾ ഒരു ടെൻഡർ ലഭിക്കുകയുണ്ടായി. എസ്റ്റിമേറ്റ് തുകയേക്കാൾ 87 ശതമാനം കൂടുതലാണ് അത്. എഞ്ചിനീയർമാരുടെ കമ്മറ്റി ഈ ടെൻഡർ ഉറപ്പിച്ചു കഴിഞ്ഞു. ഇനി കോൺട്രാക്ടർ ജോലി തുടങ്ങിയാൽ മതി.

(19) താനൂർ കടലോര മൽസ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ഇ. അഹമ്മദ് : സർ, എട്ടാം നിയമസഭയുടെ ആരംഭത്തിൽത്തന്നെ ഞാൻ ഇവിടെ ഉന്നയിച്ചിരുന്ന പ്രശ്നം നിയമസഭയുടെ അവസാനദിവസമായ ഇന്നും ഉന്നയിക്കുകയാണ്. താനൂർ കടലോര പ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ നീറുന്ന പ്രശ്നം പലപ്പോഴും ഉന്നയിച്ചിട്ടും അതിനുവേണ്ട പ്രതിവിധി കണ്ടില്ലെന്ന പരിഭവത്തോടുകൂടിത്തന്നെയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഇപ്പോഴും ഈ പ്രശ്നം കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. മത്സ്യ ഫെഡ്ഡിൽ നിന്ന് അവിടത്തെ മത്സ്യത്തൊളിലാളികളിൽ അർഹരായ പലർക്കും ബോട്ടുകൾ കൊടുക്കുന്നില്ല, വല കൊടുക്കുന്നില്ല, സഹകരണ സംഘങ്ങളിൽ അംഗത്വം കൊടുക്കുന്നില്ല. അവരുടെ യാതൊരാവശ്യവും വകവച്ചുകൊടുക്കുന്നില്ല. സ്വാഭാവികമായും താനൂർ പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങളിൽ കൂടുതൽ അംഗത്വം കിട്ടുന്നത് ആർക്കാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും ഉദ്യോഗസ്ഥൻമാർക്കും ഗവൺമെൻറിനും അറിയാം. പലപ്പോഴും ഈ പ്രശ്നം സഭയിൽ പറഞ്ഞിട്ടുപോലും അത് നിറവേറ്റപ്പെട്ടിട്ടില്ല. ഇന്ന് കഴിഞ്ഞാൽ നാളെ കെയർടേക്കർ ഗവൺമെൻറല്ലേ ? നിയമസഭയുടെ റിക്കാർഡിൽ ആരാണാ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. കെയർടേക്കർ ഗവൺമെന്റായാലും നോക്കാവുന്ന കാര്യങ്ങളായതുകൊണ്ട് ഞാൻ പറയുകയാണ്. ചില നടപടികളെല്ലാം നടത്തുന്നതായി കേട്ടിരുന്നു. ഗവൺമെന്റ് എന്ന് പറഞ്ഞാൽ it is continuos process ആണ്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ പതിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണ-ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, മെമ്പർമാരെ ചേർത്തിട്ടില്ലെന്ന് പറഞ്ഞത് ശരിയല്ല. വലയും വള്ളവും കിട്ടിയിട്ടില്ലെന്ന് പറയുന്നതും ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒസാൻ കടപ്പുറം-എടരാൻ-കടപ്പുറം, തേവർ കടപ്പുറം-ചീരാൻ കടപ്പുറം എന്നീ രണ്ട് സംഘങ്ങളിൽ മെമ്പർഷിപ്പ് നിരസിച്ചത് അർഹതയില്ലാത്തയാളുകൾക്ക് മാത്രമാണ്. ചീരാൻ കടപ്പുറം സംഘത്തിൽ മൂന്ന് പേരുടെ മെമ്പർഷിപ്പാണ് നിരസിച്ചിട്ടുള്ളത്. അപേക്ഷ നൽകിയിട്ടുള്ളയാളുകളിൽ മൂന്നുപേർക്കൊഴിച്ച് എല്ലാവർക്കും മെമ്പർഷിപ്പ് കൊടുത്തു. ഒസാൻ കടപ്പുറം-എടരാൻ-കടപ്പുറം സംഘത്തിൽ 17 പേരുടെ അപേക്ഷയാണ് നിരസിച്ചത്. പിന്നെ സഹായം ലഭിച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. 28-2-1991 വരെ തേവർ കടപ്പുറം സംഘത്തിൽ 79 മൽസ്യത്തൊഴിലാളികൾക്കായി 7.34 ലക്ഷം രൂപയുടെയും എടരാൻ കടപ്പുറം സംഘത്തിൽ 105 പേർക്കായി 9.08 ലക്ഷം രൂപയുടെയും മൽസ്യബന്ധന ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

(20) അന്ധരുടെ പ്രശ്നങ്ങൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന അന്ധരുടെ ചില പ്രശ്നങ്ങൾ ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ മുൻപിൽ സമർപ്പിക്കുന്നു. അവർ ഇന്ന് സെക്രട്ടറിയേറ്റിന്റെ മുൻപിൽ ധർണ നടത്തുകയാണ്. കണ്ണില്ലാത്തവർക്ക് തൊഴിൽ സംവരണം നൽകണം, വികലാംഗപെൻഷൻ 150 രൂപയായി വർദ്ധിപ്പിക്കണം, അന്ധർക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കണം, അവരുടെ വിദ്യാഭ്യാസം സൗജന്യമാക്കിക്കൊടുക്കണം എന്നീ നിരവധി കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മാസങ്ങളോളമായി നമ്മുടെ സെക്രട്ടേറിയറ്റിന്റെ മുൻപിൽ കണ്ണുകാണാൻ പാടില്ലാത്തവർ സമരം ചെയ്യുകയാണ്. അവരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട് അവർക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുകയും വികലാംഗ പെൻഷൻ വർദ്ധിപ്പിക്കുകയും രജിസ്ട്രേഷൻ നിർബന്ധമാക്കുകയും ചെയ്യുന്ന നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മയോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, 14-3-1990-ൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻസിന്റെയും കേരള അസോസിയേഷൻ ഓഫ് ദി ബ്ലൈൻസിന്റെയും ഭാരവാഹികളുമായി മുഖ്യമന്ത്രിയും ബന്ധപ്പെട്ട എല്ലാ മന്ത്രിമാരും അവരുടെ ആവശ്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. വികലാംഗർക്കായി പ്രതിവർഷം നീക്കിവെച്ചിട്ടുള്ള 150 നിയമനങ്ങളിൽ മൂന്നിലൊന്നു ഭാഗം അന്ധർക്കായി നീക്കിവയ്ക്കണമെന്നതായിരുന്നു അവരുടെ പ്രധാന ആവശ്യം. വികലാംഗർക്കായി നീക്കിവച്ചിട്ടുള്ള നിയമനം പി. എസ്. സി. യ്ക്ക് വിട്ടുകൊടുക്കുന്ന കാര്യത്തെപ്പറ്റിയും പി. എസ്. സി. യുമായി എഴുത്തുകുത്തുകൾ നടന്നുവരികയാണ്. മൂന്നിലൊന്ന് നിയമനങ്ങൾ അന്ധർക്കായി നീക്കിവയ്ക്കുന്ന പ്രശ്നം പരിഗണിക്കാമെന്നും ചർച്ചയിൽ വിശദമാക്കപ്പെട്ടു. അന്ധർക്ക്

LIBRARY ARCHIVES Kerala Legislative Assembly